ഫെബ്രുവരി 27,2014

# ലോക്പാൽ നിയമം ഇങ്ങനെയാക്കരുത്

**അരുൺ ജെയ്റ്റ്ലി,**
(പ്രതിപക്ഷ നേതാവ്, രാജ്യസഭ)

2013-ലെ ലോക്പാൽ - ലോകായുക്ത നിയമം പാസാക്കാനായത് ആ ആശയം മുന്നോട്ടുവച്ച 46 വർഷങ്ങൾക്കുശേഷമാണ്. ഒരു സ്ഥാപന നിർമ്മാണം വെല്ലുവിളിയാർന്ന ജോലിയാണ്. ലോക്പാലിന്റെ അംഗങ്ങളായി നാലുപേർ വീതം നിയമരംഗത്തുള്ളവരും അല്ലാത്തവരുമായി നിയമിക്കപ്പെടേണ്ട സാഹചര്യത്തിൽ അവർ വിശ്വാസ്യതയുടെയും കഴിവിന്റെയും നിക്ഷ്പക്ഷതയുടെയും കാര്യത്തിൽ ഏറ്റവും നല്ല വ്യക്തികളായിരിക്കണം. തെരഞ്ഞെടുപ്പ് അടുത്തെത്തിയ ഈ വേളയിൽ വളരെ തിരക്കിട്ട് നിയമനം നടത്താൻ യുപിഎ സർക്കാർ ശ്രമിക്കുന്നത് ദൗർഭാഗ്യകരമാണ്. നിയമനം എങ്ങനെയും നടത്തണമെന്ന ലക്ഷ്യത്തോടെ കുറുക്കുവഴികൾ തേടുകയാണവർ.

**1. നിയമത്തിന്റെ വകുപ്പ് 4 (4)ന്റെ ലംഘനം**

ലോക്പാലിന്റെ അദ്ധ്യക്ഷനെയും അംഗങ്ങളെയും സുതാര്യമായ രീതിയിൽ തിരഞ്ഞെടുക്കാനുതകുന്നവിധത്തിലുള്ള നടപടിക്രമം തിരഞ്ഞെടുപ്പു സമിതി സ്വന്തമായി ആവിഷ്കരിക്കണമെന്ന് ഈ നിയമത്തിലെ വകുപ്പ് 4 (4) അനുശാസിക്കുന്നു. 2014 ഫെബ്രുവരി 21-ാം തീയതി, അതായത് ഒരൊറ്റ പ്രാവശ്യമാണ് തിരഞ്ഞെടുപ്പ് സമിതി യോഗം ചേർന്നത്. ഈ യോഗത്തിലാണ് പരിശോധന (സർച്ച്) സമിതിയിലെ അംഗങ്ങൾ നിയമിക്കപ്പെട്ടതെന്ന് ഞാൻ മനസിലാക്കുന്നു. തിരഞ്ഞെടുപ്പു സമിതി ആവിഷ്കരിച്ച നടപടിക്രമം പാലിക്കുന്നതിനു പകരം ലോക്പാലിലെ നിയമവിദഗ്ദ്ധരും അല്ലാത്തവരുമായ അംഗങ്ങളെ നിയമിക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് 2014 ജനുവരി 17-ാം തീയതി, അതായത് തിരഞ്ഞെടുപ്പുസമിതി രൂപീകൃതമാകാത്ത ദിവസം പേഴ്സണൽ-ട്രെയിനിംഗ് മന്ത്രാലയം പത്രപ്പരസ്യം നൽകിയത്. ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് 2014 ജനുവരി 20, 30 തീയതികളിൽ പ്രധാനമന്ത്രിക്ക് കത്തുകളയച്ചിരുന്നു. പ്രധാനമന്ത്രിയിൽ നിന്ന് എനിക്ക് രണ്ടു മറുപടികൾ ലഭിച്ചെങ്കിലും അവ എന്റെ ആശങ്കകൾ ദൂരീകരിക്കുന്നതായിരുന്നില്ല. നിയമപ്രകാരം പേഴ്സണൽ-ട്രെയിനിംഗ് മന്ത്രാലയത്തിന് ഇതിൽ ഒരു പങ്കും നിർവഹിക്കാനില്ലെങ്കിലും അവർ സ്വയം ഒരു പങ്ക് ഏറ്റെടുത്തുകൊണ്ട് ചട്ടങ്ങൾ നിർമ്മിച്ചു. നിയമപ്രകാരം ആ പങ്ക് തിരഞ്ഞെടുപ്പു സമിതിയിലും നിരീക്ഷണസമിതിയിലും നിക്ഷിപ്തമാണ്. എന്നാൽ ഇവിടെ പത്രപ്പരസ്യം നൽകുന്നതിലോ അപേക്ഷകൾ ക്ഷണിക്കുന്നതിലോ അപേക്ഷകരെ കണ്ടെത്തുന്നതിനോ ഉള്ള ഒരു പങ്കും ഈ രണ്ടു സമിതികൾക്കും കല്പിച്ചുനൽകിയിട്ടില്ല. പേഴ്സണൽ-ട്രെയിനിംഗ് മന്ത്രാലയം ഈ ജോലികൾ പൂർണ്ണമായും കവർന്നെടുക്കുകയാണുണ്ടായത്.

**2. അർഹരായവർ തസ്തികകളിലേക്ക് അപേക്ഷിക്കുമെന്ന പ്രതീക്ഷ**

പരമോന്നത കോടതിയിലെ സേവനത്തിൽ തുടരുന്നതോ വിരമിച്ചവരോ ആയ ജഡ്ജിമാരിൽ നിന്ന് ഈ തസ്തികകളിലേക്ക് അപേക്ഷകൾ സ്വീകരിക്കുന്നത് അവർ വഹിച്ചിരുന്ന പദവിയുടെ അന്തസ്സ് ഇടിച്ചുതാഴ്ത്തുന്നതായിരിക്കും എന്ന് 2014 ജനുവരി 20-ലെ കത്തിൽ ഞാൻ പ്രധാനമന്ത്രിയെ ധരിപ്പിച്ചിരുന്നു. വിരമിച്ച ജഡ്ജിമാർ തങ്ങളുടെ ബയോഡാറ്റകളുമായി ഭരണത്തിന്റെ അന്തപ്പുരങ്ങളിൽ കയറിയിറങ്ങുന്നത് അവരുടെ അന്തസ്സിനും സ്വീകാര്യതയ്ക്കും ചേർന്നതല്ല. ഒരു ജോലി തേടുന്ന ജഡ്ജി ലോക്പാൽ അംഗമായി നിയമിക്കപ്പെടാൻ പറ്റിയ ആളാകാൻ സാദ്ധ്യതയില്ല. എന്തായാലും അപേക്ഷകൾ സ്വീകരിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കേണ്ടത് തിരഞ്ഞെടുപ്പു സമിതിയാണ്. എന്നാൽ 2014 ഫെബ്രുവരി 7-ാം തീയതി സർക്കാർ സ്വന്തം നിലയ്ക്ക് അപേക്ഷകൾ ക്ഷണിക്കുകയാണുണ്ടായത്. സർവീസിൽ തുടരുന്ന പല ജഡ്ജിമാരും അപേക്ഷ സമർപ്പിക്കുന്നത്

തങ്ങളുടെ ആത്മാഭിമാനത്തിനും അന്തസ്സിനും കോട്ടമുണ്ടാക്കുമെന്നു കണ്ട് അപേക്ഷ അയയ്ക്കാൻ വിസമ്മതിച്ചതായി എനിക്കറിയാം. എന്നാൽ മറ്റു ചിലർ തങ്ങളുടെ അപേക്ഷകൾ പരിഗണനയ്ക്കായി ചീഫ് ജസ്റ്റിസ് മുഖേന അയച്ചിട്ടുണ്ട്. പരസ്യത്തിലെ 15-ാം ഖണ്ഡിക പ്രകാരം ഇപ്പോൾ സർവീസിലുള്ള ജഡ്ജിമാർ തങ്ങളുടെ പ്രവൃത്തിപരിചയവും മറ്റു നേട്ടങ്ങളും ഉൾപ്പെടുത്തിയുള്ള വിശദമായ ഒരു പ്രസ്താവന നൽകേണ്ടതാണ്. തങ്ങൾ അപേക്ഷിച്ചിരിക്കുന്ന തസ്തികയ്ക്കാധാരമായ വ്യവസ്ഥകളോട് എത്രത്തോളം നീതി പുലർത്താനാകുന്നു എന്ന് വിവരിക്കാനാണ് ഖണ്ഡിക 16-ൽ ആവശ്യപ്പെട്ടിട്ടുള്ളത്. 200 വാക്കുകളിൽ ഈ ന്യായീകരണം നൽകണം. ഈ നടപടിക്രമം ആരാണ് നിശ്ചയിച്ചത്? അത് തിരഞ്ഞെടുപ്പു സമിതിയോ അന്വേഷണസമിതിയോ അല്ല മറിച്ച് പേഴ്സണൽ-ട്രെയിനിംഗ് വകുപ്പിന്റെ അധികാരമുള്ള മന്ത്രി നിശ്ചയിച്ചതാണ്. നിയമപ്രകാരം അദ്ദേഹത്തിന് ഇതിനുള്ള അധികാരമില്ല. എന്നാൽ പേഴ്സണൽ-ട്രെയിനിംഗ് മന്ത്രാലയം ഈ അധികാരം കവർന്നെടുക്കുകയാണുണ്ടായത്.

**3. തിരഞ്ഞെടുപ്പു സമിതിയുടെ വിവേചനം**
**പേഴ്സണൽ- ട്രെയിനിംഗ് മന്ത്രാലയം**
**പരിമിതപ്പെടുത്തി**

പേഴ്സണൽ-ട്രെയിനിംഗ് മന്ത്രാലയം രൂപം നൽകിയ ചട്ടങ്ങൾ നിയമത്തിനെതിരാണ്. പ്രസ്തുത ചട്ടങ്ങളിലെ പത്താം ചട്ടപ്രകാരം ഭാരതസർക്കാരിന്റെ പേഴ്സണൽ-ട്രെയിനിംഗ് മന്ത്രാലയം തയ്യാറാക്കുന്ന പട്ടികയിൽ നിന്നുള്ള വ്യക്തികളെ മാത്രം ആധാരമാക്കിയാകണം തിരഞ്ഞെടുപ്പു സമിതി യോഗ്യരായ ആളുകളുടെ പാനൽ തയ്യാറാക്കേണ്ടത്. അപേക്ഷകരുടെ ചുരുക്കപ്പട്ടിക തയ്യാറാക്കേണ്ട ദൗത്യം പേഴ്സണൽ-ട്രെയിനിംഗ് മന്ത്രാലയത്തിൽ മാത്രം നിക്ഷിപ്തമാണ്. അന്വേഷണസമിതിയുടെ വിവേചനം ഇതോടെ വീണ്ടും പരിമിതമായി. പേഴ്സണൽ-ട്രെയിനിംഗ് മന്ത്രാലയം തയ്യാറാക്കുന്ന ചുരുക്കപ്പട്ടികയിൽ നിന്നും യോഗ്യരായ വ്യക്തികളെ തിരഞ്ഞെടുക്കുന്ന ജോലി മാത്രമാണ് അന്വേഷണസമിതിയിൽ നിക്ഷിപ്തമായിട്ടുള്ളത്.

അന്വേഷണസമിതിയിലെ പ്രഗല്ഭരായ അംഗങ്ങളിൽ ഒരാളായ ശ്രീ. ഫാലി എസ്. നരിമാൻ സമിതിയുടെ ഭാഗമാകാൻ വിസമ്മതിച്ച കാര്യം മാധ്യമങ്ങളിലൂടെ നാം അറിഞ്ഞതാണ്. തീർച്ചയായും ഔന്നത്യത്തിലുള്ള വ്യക്തികൾ വെറും റബ്ബർ സ്റ്റാമ്പുകളായി മാറാൻ നിന്നുകൊടുക്കില്ല. അന്വേഷണസമിതി തങ്ങളുടെ ആരാധകവൃന്ദത്തെക്കൊണ്ടു നിറയ്ക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഈ സമിതിയിലേക്ക് നിർദ്ദേശിക്കപ്പെട്ടവരിൽ സർക്കാർ അഭിഭാഷകരും ഉൾപ്പെടുന്നു. ഇപ്രകാരം നിയമ മേഖലയിൽ നിന്ന് സർക്കാർ അഭിഭാഷകരും മാധ്യമപ്രവർത്തകരിൽ നിന്ന് ഒരു കോൺഗ്രസ് വക്താവുമാണ് അന്വേഷണസമിതിയിൽ അംഗങ്ങളാകാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഈ ഘടനയോട് ശ്രീമതി. സുഷമ സ്വരാജ് യോജിച്ചിട്ടില്ല. ഒരു സ്ഥാപനം ഏതെങ്കിലും ഒരു രാഷ്ട്രീയപ്പാർട്ടിക്ക് മാത്രമായി അവകാശപ്പെട്ടതാണെന്ന ധാരണ സർക്കാർ ഒരിക്കലും വച്ചുപുലർത്തരുത്. കൂടുതൽ വിശ്വാസ്യതയും മേന്മയുമുള്ള സ്ഥാപനങ്ങൾ ഉണ്ടാകുമ്പോഴാണ് നമ്മുടെ രീതികളും മെച്ചപ്പെടുന്നത്. അന്വേഷണസമിതിയെ പാർശ്വവൽക്കരിക്കുന്നതും ലോക്പാൽ സമിതിയിൽ ആരാധകവൃന്ദത്തെക്കൊണ്ട് നിറയ്ക്കുന്നതും ആ സ്ഥാപനത്തിന്റെ താത്പര്യത്തിന് അനുയോജ്യമായ കാര്യമല്ല. കേന്ദ്ര കുറ്റാന്വേഷണ ബ്യൂറോ, കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ, പബ്ളിക് അക്കൗണ്ട്സ് കമ്മിറ്റി, സംയുക്ത പാർലമെന്ററി സമിതി, മുഖ്യ വിജിലൻസ് കമ്മിഷണർ എന്നീ സ്ഥാപനങ്ങൾ യു.പി.എ. ഭരണത്തിൻ കീഴിൽ ഇതിനകം തന്നെ കോട്ടം സംഭവിച്ചുകഴിഞ്ഞു. ഈ കടന്നുകയറ്റത്തെ ലോക്പാൽ അതിജീവിക്കും എന്നാണ് എന്റെ പ്രത്യാശ.